**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1140** **12-06-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ മങ്കട സെക്ഷൻ ഓഫീസിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ മങ്കട സെക്ഷൻ ഓഫീസിന് നിലവിൽ സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ മങ്കട സെക്ഷൻ ഓഫീസിന് നിലവിൽ സ്വന്തമായി കെട്ടിടം ഇല്ല. മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിലാണ് നിലവിൽ ഓഫീസ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | മലപ്പുറം പ്രോജക്ട് ഡിവിഷന് കീഴിൽ മൂച്ചിക്കൽ പ്രദേശത്ത് പണികഴിപ്പിച്ച ജലസംഭരണിക്ക് സമീപം ഇതിനായി സ്ഥലം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലത്തേയ്ക്ക് മങ്കട സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുഴക്കാട്ടിരി പഞ്ചായത്തിലെ മൂച്ചിക്കൽ പ്രദേശത്ത് പ്രോജക്ട് ഡിവിഷൻ മലപ്പുറത്തിന് കീഴിൽ പണികഴിപ്പിച്ച 28 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലസംഭരണിക്ക് താഴെ മങ്കട സെക്ഷൻ ഓഫീസ് പ്രവർത്തിപ്പി ക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാണ്. പ്രസ്തുത സ്ഥലത്തേക്ക് മങ്കട സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി 29.20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി, സ്റ്റേറ്റ് പ്ലാൻ 2024 ൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രൊപ്പോസലിന് സ്റ്റേറ്റ് പ്ലാൻ 2024 ൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ